അടുത്തു വരുന്ന കുരുക്ഷേത്രത്തിൽ ഞങ്ങളുടെ ശക്തി തെളിയിക്കാൻ പോകുകയാണ്. മാർകിസിസ്റ്റ് പാർട്ടി പാറപോലെ ഉറച്ച ഒരു പാർട്ടിയാണെന്നാണല്ലോ പറയുന്നത്. ഇന്ന് എന്താണ് അവരുടെ സ്ഥിതി? ശ്രീ. എം. വി. രാഘവൻ ഈ ഗവൺമെൻറിനെതിരായിട്ട് ശരവർഷം നടത്തിയ ആളല്ലേ? ശ്രീമതി ഗൗരിയമ്മയ്ക്ക് ഇത് നിഷേധിക്കാൻ കഴിയുമോ? ശ്രീ. എം. വി. രാഘവൻ, ശ്രീ സി. കെ. ചക്രപാണി, ശ്രീ. വാസുദേവമേനോൻ ശ്രീ. സി. പി. മൂസാൻകുട്ടി എന്നിവർ നിങ്ങളുടെ പാർട്ടിയിൽ നിന്നും പോയില്ലേ?

ക്രമപ്രശ്നം:

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഇവിടെ ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച സപ്ലിമെൻററി ഡിമാൻറിനെ മറുപടി പറയുകയാണ്. ഗവൺമെൻറിൻറെ നയപരമായ കാര്യങ്ങളും പറയാൻ മുഖ്യമന്ത്രി ഇരിപ്പുണ്ട്. മുഖ്യമന്ത്രി ഇരിക്കുമ്പോഴും അദ്ദേഹത്തെ കടത്തിവെട്ടിയാണോ മുഖ്യമന്ത്രി പറയേണ്ട കാര്യങ്ങളും പറയുന്നത് ഓർഡറിലാണോ?

ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറയുന്നതിൽ ക്രമപ്രശ്നമൊന്നുമില്ല. ഗവൺമെൻറിൻറെ നയപരമായ കാര്യങ്ങളും മന്ത്രിമാർക്കും പറയാവുന്നതാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: ശ്രീ. എ. വി. താമരാക്ഷൻ പറയുന്നത് ശരിയാണെങ്കിൽ പ്രതിപക്ഷനേതാവിനു മാത്രമേ പ്രതിപക്ഷത്തെ നയപരമായ കാര്യങ്ങളും പറയാൻ അവകാശമുള്ളൂ. വാക്കൗട്ട് നടത്തുമ്പോൾ പ്രതിപക്ഷനേതാവിനെ അംഗീകരിച്ചുകൊണ്ട് എല്ലാവർക്കും വാക്കൗട്ട് നടത്തിയാൽ പോരേ? എന്തിനു മറ്റു സഭാനേതാക്കളെ പ്രത്യേകം പ്രത്യേകം സംസാരിച്ചുകൊണ്ട് വാക്കൗട്ട് നടത്തുന്നു? പ്രതിപക്ഷനേതാവിൻറെ നയം അംഗീകരിക്കുന്നവരല്ല. ശ്രീ. കെ. പി. പ്രഭാകരനും ബേബി ജോണും എന്നുള്ള വിവരം എനിക്കറിയാം. സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. നമ്മൾ 1982-ൽ വന്നപ്പോൾ ശ്രീ. എം. വി. രാഘവനും, ചക്രപാണിയും സി. പി. മൂസാൻകുട്ടിയുമെല്ലാം അപ്പുറത്തിരുന്നവരാണ്. ഇടതുപക്ഷമുന്നണിയിൽ ഉണ്ടായിരുന്ന ആളുകളാണ്. ശ്രീ. എം. വി. രാഘവൻ ഈ കരുണാകരൻ ഗവൺമെൻറിനു എതിരായിട്ട് എന്തുമാത്രം ശരമാണ് തൊടുത്തു വിട്ടിരുന്നത്. എന്നിട്ട് ഇന്നത്തെ സ്ഥിതി എന്താണ്? ഇന്ന് ശ്രീ. നമ്പൂതിരിപ്പാടിനും ശ്രീ. നായനാർക്കുമെതിരായിട്ട് പോകത്തക്ക രീതിയിൽ ആണ് പ്രതിപക്ഷമുന്നണി തകർന്നു തകർന്നുതരിപ്പണമായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഐക്യജനാധിപത്യ മുന്നണി വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി വീണ്ടും അധികാരത്തിൽ വരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഈ ഉപധനാഭ്യർത്ഥനകളും പാസാക്കിത്തരണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പൊതുവായ ഒരു ചർച്ചക്ക് വളരെയൊന്നും സ്കോപ്പില്ലാത്ത ഒന്നാണ് സപ്ലിമെൻററി ഡിമാൻറ്. എങ്കിൽപോലും ഈ കീഴ്വഴക്കങ്ങളൊക്കെ മാറിക്കൊണ്ടാണ് ഇന്ന് ചർച്ച നടന്നിട്ടുള്ളത്. അത് ഈ കണക്കിൽ വളരെ സ്വാഗതാർഹമാണ്. പ്രതിപക്ഷത്തിൻറെ സമീപനത്തിൽ എനിക്ക് അശേഷം പരിഭവമില്ല, പ്രയാസമില്ല. ഇതല്ലാതെ അവർ മറെറന്തു ചെയ്യും? എവിടെയെല്ലാം ചെന്നുമുട്ടുന്നുവോ അവിടെയെല്ലാം പരാജയം. ചെന്നുപെടുന്നതിലെല്ലാം അന്ധേ പരാജയം. ഈ ഗവൺമെൻറിനെ ഏതെങ്കിലും വിധത്തിൽ പ്രതിക്കൂട്ടിൽ കയറാൻ സാധിക്കുമോയെന്നുനോക്കി ഗവൺമെൻറിനെ പ്രതിക്കൂട്ടിൽ നിർത്തി കുറെവിചാരണചെയ്യാനുള്ള നിരവധി

LIBRARY ARCHIVES Kerala Legislative Assembly